STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.336/PR/SPMC/PHQ/2021 Date :02.08.2021

**സ്പോർട്സ് ഹവിൽദാർമാരുടെ പാസിംഗ്ഔട്ട് പരേഡിൽ**

**സംസ്ഥാന പോലീസ് മേധാവി അഭിവാദ്യം സ്വീകരിച്ചു**

സ്പോർട്സ് വിഭാഗത്തിൽ ഹവിൽദാർ ആയി പരിശീലനം പൂർത്തിയാക്കിയ 13 പേരുടെ പാസിംഗ് ഔട്ട് പരേഡ് തിരുവനന്തപുരത്ത് നടന്നു. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിവാദ്യം സ്വീകരിച്ചു.

പരിശീലനം പൂർത്തിയാക്കിയ ഹവിൽദാർമാരിൽ 11 പേർ പുരുഷൻമാരും രണ്ട് പേർ സ്ത്രീകളുമാണ്. വാട്ടർപോളോ വിഭാഗത്തിൽ ആദ്യമായി പത്ത് പുരുഷൻമാർ സേനയുടെ ഭാഗമായി. ഫുട്ബോൾ വിഭാഗത്തിൽ ഒരു പുരുഷനും അത്ലറ്റിക്സിൽ രണ്ട് വനിതകളുമാണ് പരിശീലനം പൂർത്തിയാക്കിയത്.

പരിശീലനകാലത്തെ മികച്ച പ്രകടനത്തിനുള്ള അവാർഡ് ഇ.എസ് സുജിത്തിന് സംസ്ഥാന പോലീസ് മേധാവി സമ്മാനിച്ചു. മികച്ച ഇൻഡോർ കേഡറ്റിനുള്ള ബഹുമതിയും സുജിത്തിന് ലഭിച്ചു. മികച്ച ഔട്ട്ഡോർ കേഡറ്റായി റ്റി.ബി.ബിജേഷും മികച്ച ഷൂട്ടർ ആയി അശ്വിൻ ഗോമസും തെരഞ്ഞെടുക്കപ്പെട്ടു.

പോലീസ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച പാസിംഗ് ഔട്ട് പരേഡിൽ എ.ഡി.ജി.പി മാരായ കെ.പത്മകുമാർ, മനോജ് എബ്രഹാം എന്നിവരും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

**ഫോട്ടോക്യാപ്ഷൻ** : സ്പോർട്സ് വിഭാഗം ഹവിൽദാർമാരായി പരിശീലനം പൂർത്തിയാക്കിയവർ പാസിംഗ്ഔട്ട് പരേഡിൽ പ്രതിജ്ഞ ചൊല്ലുന്നു.

**********************************